നം.എ8-18016/2015

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തിയതി. 07-11-2018.

## സർക്കുലർ

ഈ വകുപ്പിൽ നിയമനം ലഭിച്ച ഒന്നാം ഗ്രേഡ് ഓവർസീയർ/ രണ്ടാം ഗ്രേഡ് ഓവർസീയർ/ മൂന്നാം ഗ്രേഡ് ഓവർസീയർ എന്നിവരുടെ പി എസ് സി വെരിഫിക്കേഷൻ സംബന്ധിച്ച പ്രമാണങ്ങൾ സമർപ്പിക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1) സേവനപുസ്തകത്തിന്റെ 1,2,3,4,15 എന്നീ പേജുകളുടെ പകർപ്പ്, നിയമന ഉത്തരവിന്റെയും, അഡ്വൈസ്മെമ്മോയുടെയും പകർപ്പ്, മുൻകാല സർവ്വീസ് ഉണ്ടെങ്കിൽ ടി വിവരം ഉൾപ്പെടുത്തിയ പ്രൊഫോർമ എന്നിവ മേലധികാരി സാക്ഷ്യപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിച്ച് നൽകേണ്ടതാണ്.
2) ഒറ്റത്തവണ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പൂരിപ്പിച്ച് ആയത് മേലധികാരി വെരിഫൈ ചെയ്യേണ്ടതും ആയതിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിക്കേണ്ടതുമാണ്.
3) മുൻകാല സർവ്വീസ് ഉണ്ടെങ്കിൽ ടി ജോലിയിൽ പ്രവേശിച്ച നിയമന ഉത്തരവ്/സർക്കാർ ഉത്തരവ്, നിയമനം ലഭിച്ച തീയതി, വിടുതൽ ചെയ്ത തീയതി എന്നിവ ഉൾപ്പെടുത്തിയ സേവനപുസ്തകത്തിലെ പേജുകളുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
4) സേവനപുസ്തകത്തിലെ 3-ാം പേജിൽ വിരലടയാളം പതിപ്പിക്കുകയും അനുബന്ധ കോളങ്ങൾ പൂരിപ്പിക്കേണ്ടതുമാണ്.
5) 4-ാം പേജിൽ ആദ്യനിയമനത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്താനുള്ള പേജിൽ മുൻകാല സർവ്വീസ് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുകയാണെങ്കിൽ ഈ വകുപ്പിൽ നിയമനം ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ സേവനപുസ്തകത്തിലെ പേജുകളുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
6) മേൽ സൂചിപ്പിച്ച രീതിയിൽ പ്രമാണങ്ങളുടെ രണ്ട് പകർപ്പ് ബന്ധപ്പെട്ട മേലധികാരി സാക്ഷ്യപ്പെടുത്തി എന്ന് ഉറപ്പുവരുത്തി ഈ കാര്യാലയത്തിൽ സമർപ്പിച്ച് അനാവശ്യകത്തിടപാടുകൾ ഒഴിവാക്കേണ്ടതുമാണ്.
7) നിയമന അധികാരിയായ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഒപ്പിടേണ്ട സ്ഥലത്ത് മേലാധികാരി ഒപ്പിടരുത്.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

വെബ്സൈറ്റ്

Bs/